# കേരള കാർഷിക സർവകലാശാല

## ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര

ഫോൺ : +91-487-2961457, ഇ-മെയിൽ : ifvka@kau.in


നം. ഐ.എഫ്./590/2024 വെള്ളാനിക്കര, തിയ്യതി : 22.05.2024

## <u>ക്വട്ടേഷൻ നോട്ടീസ്</u>

വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ ഓഫീസ് പരിസരത്തും ഫാമിലെ നഴ്സറിയുടെ പരിസരങ്ങളിലുമായി ചുവടെ പറഞ്ഞിരിക്കുന്ന സവിശേഷതകൾ ഉള്ള CCTV ക്യാമറകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ/സംവിധാനങ്ങൾ ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിച്ച് നൽകുന്നതിന് താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ, നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**<u>SPECIFICATIONS</u> :-**

| Sl. No. | Item | Specifications/details | No. of quantity required |
|---|---|---|---|
| 1. | Camera | • 4 Mega Pixel IP bullet camera with night vision<br>• $^{1}/_{3}$ '' progressive CMOS image sensor<br>• IR range – above 40 mtr up to 50 mtr.<br>• H.265/H.264/H.264+/H.265+ dual stream video compression<br>• Max Resolution : 2560 x 1440<br>• Water and dust resistant (IP67) | 1 |
| | | • 4 Mega Pixel IP bullet camera with night vision<br>• $^{1}/_{3}$ '' progressive CMOS image sensor<br>• IR range – 20 mtr.<br>• H.265+ video compression<br>• Max Resolution : 2560 x 1440<br>• Water and dust resistant (IP67) | 7 |
| 2. | NVR | • 16 channel camera inputs<br>• Incoming Band width – 160 Mbps<br>• H.265+/H.265/H.264+/H.264 Video formats<br>• Video output mode-HDMI/VGA independent output<br>• stream type – video, video & Audio<br>• Support 1 SATA HDD upto 10 TB capacity, 2 x USB 2.0 interfaces | 1 |
| 3. | Hard Disk | 2 TB surveillance Hard Disc | 1 |
| 4. | LED Monitor | 19"screen size and 1366 x 768 Screen Resolution | 1 |
| 4. | PoE Switch | 8 port switch ISI/equivalent. | 1 |
| 5. | CAT 6 cable | Make ISI marked ISO certified | 595 Mtr |
| 6. | Accessories | Pipes, camera box, HDMI etc.<br>(make ISI marked and ISO certified) | As per requirements |
| 7. | Warranty & Technical Support | Minimum 2 years | |

*(തുടർച്ച............2)*

**<u>നിബന്ധനകൾ</u> :-**

1. സീൽ ചെയ്ത ക്വട്ടേഷനുകൾ കവറിന് മുകളിലായി **"CCTV സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്നെഴുതി പ്രൊഫസ്സർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര എന്ന വിലാസത്തിൽ 06.06.2024 തിയ്യതി രാവിലെ 11 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷൻ നിരാകരിക്കുന്നതാണ്.

2. സീൽ ചെയ്ത കവറിലുള്ള ക്വട്ടേഷനുകൾ സ്ഥാപന മേധാവിയുടെ ഓഫീസിൽ അന്നേ ദിവസം രാവിലെ 11 മണിക്ക്, അന്നേരം സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

3. മേൽപ്പറഞ്ഞ specifications ഉള്ള ഉപകരണങ്ങളുടെ വില, ജി.എസ്.ടി. ഇവ പ്രത്യേകമായി ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. CCTV സ്ഥാപിക്കുന്നതിനുള്ള ഇൻസ്റ്റലേഷൻ ചാർജ്, കോൺഫിഗറേഷൻ ചാർജ് എന്നിവ രേഖപ്പെടുത്തിയാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. പ്രവർത്തന മികവ് ബോധ്യപ്പെടുന്നതിനായി താങ്കളുടെ സ്ഥാപനം CCTV സംവിധാനം സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് കൂടി ക്വട്ടേഷനോടൊപ്പം ചേർക്കേണ്ടതാണ്.

4. ക്വട്ടേഷനുകൾ പ്രത്യേക കാരണമൊന്നും ബോധ്യപ്പെടുത്താതെ നിരസിക്കാനുള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ ക്ഷണിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ, സർവകലാശാല പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ഈ ക്വട്ടേഷനും ബാധകമായിരിക്കും.

5. ലഭ്യമായ ക്വട്ടേഷനുകൾ പരിശോധിച്ച് ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരെ അംഗങ്ങളായി രൂപീകരിച്ച purchase committee അല്ലെങ്കിൽ ചുമതലയുള്ള purchasing officer തിരഞ്ഞെടുക്കുന്ന വ്യക്തി/സ്ഥാപനത്തിനായിരിക്കും ടി പ്രവൃത്തികൾ ചെയ്യുന്നതിനായുള്ള വർക്ക് ഓർഡർ നൽകുക.

6. വർക്ക് ഓർഡർ ലഭിച്ച് 7 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതും പേയ്മെന്റ് നടത്തുന്നതിനായി പ്രൊഫസ്സർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന പേരിൽ ഇൻവോയിസ് സമർപ്പിക്കേണ്ടതുമാണ്.

7. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി/സ്ഥാപനം പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള എഗ്രിമെന്റ് 200 രൂപ മുദ്രപത്രത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്. വാറണ്ടി കാലയളവിലൽ പ്രസ്തുത CCTV സംവിധാനത്തിനാവശ്യമായി വരുന്ന മെയിന്റനൻസ്, സാങ്കേതിക സഹായം എന്നിവ സൗജന്യമായി ചെയ്ത നൽകേണ്ടതാണ്.

8. തിരഞ്ഞെടുക്കപ്പെടുന്ന ക്വട്ടേഷണർ, ക്വാട്ട് ചെയ്ത തുകയുടെ 5% പ്രൊഫസ്സർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയുടെ പേരിൽ SBI ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി സമർപ്പിക്കേണ്ടതാണ്. ആയത് മേൽ ഉപകരണങ്ങളുടെ വാറന്റി കാലാവധി അവസാനിച്ചതിനുശേഷം മൂന്ന് മാസത്തിനുള്ളിൽ തിരികെ നൽകുന്നതാണ്.

9. പ്രവൃത്തി പൂർത്തീകരിച്ച്, ആയതിന്റെ ഗുണമേന്മ ഉറപ്പ് വരുത്തിയതിനുശേഷം 7 പ്രവൃത്തി ദിവസത്തിനുള്ളിൽ പേയ്മെന്റ് നടത്തുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് നേരിട്ടോ 0487-2961457 എന്ന ഓഫീസ് നമ്പർ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

Sd/-
**ഡോ. അനിത എസ്.**
**പ്രൊഫസർ & ഹെഡ്**

പകർപ്പ് : നോട്ടീസ് ബോർഡ്